ഗ്രന്ഥശാലകൾക്ക് കെട്ടിടം ഉണ്ടാക്കുന്നതിന് ചെലവാക്കിയ തുക

533. [730] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1982-83 സാമ്പത്തിക വർഷത്തിനുശേഷം ഓരോ വർഷവും ഗ്രന്ഥശാലകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുന്നതിന് സർക്കാർ ചെലവാക്കിയ തുക എത്രയെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

1983-84 മുതൽ ഗവൺമെൻറിൽനിന്നും ഓരോ വർഷവും നൽകിയ കെട്ടിട ഗ്രാൻറിൻെറ ജില്ല തിരിച്ചുള്ള വിവരം താഴെ പറയും പ്രകാരമാണ്.

ജില്ല	1983-84	1984-85	1985-86
തിരുവനന്തപുരം	6,015	30,533	16,707
കൊല്ലം	10,705	39,401	37,580
ആലപ്പുഴ	10,294	5,269	5,657
പത്തനംതിട്ട	..	..	6,015
കോട്ടയം	10,830	10,493	22,592
ഇടുക്കി	..	3,000	..
എറണാകുളം	45,582	94,293	48,655
തൃശ്ശൂർ	..	16,897	15,344
പാലക്കാട്	4,568	..	4,569
മലപ്പുറം	2,340	20,064	..
കോഴിക്കോട്	5,544	16,453	28,424
വയനാട്	2,340	..	..
കണ്ണൂർ	25,573	29,874	10,473
കാസർകോഡ്	..	..	4,060

പത്തനംതിട്ട ജില്ലയിൽ സ്ക്കൂൾ ഷെഡ്ഡുകൾ നിർമ്മിക്കുവാൻ അനുവാദം

534. [731] ശ്രീ. വി. എസ്. ചന്ദ്രശേഖരൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ഡി. ഡി. യുടെ അധികാരപരിധിയിൽ ഒരു ലക്ഷം രൂപ ചെലവ് ചെയ്ത് ഷെഡ്ഡുകൾ നിർമ്മിക്കുവാനുള്ള അനുവാദം എത്ര സ്ക്കൂളുകൾക്കാണ് നൽകിയിട്ടുള്ളത് ;

(ബി) അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) അവയുടെ പണി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(ഡി) മേൽക്കൂര പൂർത്തിയാക്കുവാൻ ആസ്ബസ്റ്റോസ് ഷീറ്റ് ലഭിക്കാത്തതുമൂലം ഷെഡ്ഡുകളുടെ പണി സ്തംഭിച്ചുകിടക്കുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly